April -2024

# ജീവിത

## ഡിജിറ്റൽ മാഗസിൻ





## വരകളിലെ വർണ്ണ വിസ്മയം

കവർ ഫീച്ചർ



ജാൻസി സനീഷ് കാഞ്ഞിരോട്

# അകത്തളങ്ങളിൽ

**ലേഖനം**

വരകളിലെ വർണ്ണവിസ്മയം
കവർ ഫീച്ചർ
**സുരേഷ്കുമാർ നീലേശ്വരം**
ജ്ഞാനം
**കമലാക്ഷൻ വെള്ളാച്ചേരി**

**കഥ**

ഒടുവിൽ
**ഭാവന ഷൈജു**

**കവിത**

ലോക ഗതി
**ഉണ്ണിവാരിയത്ത്**

വഴിയോര കാഴ്ചകൾ
**ഇ. കമലാക്ഷി**

സൗഹൃദകൂട്ടായ്മ
**ഹരിപ്രകാശ് ചേറ്റുകുഴി**

അമ്മമഴക്കാറ്
**യശോദ പുത്തിലോട്ട്**
യാത്രമൊഴി
**ലേഖ കാദംബരി**
മിണ്ണ്
**നിഥിൻ കുമാർ ജെ. പത്തനാപുരം**
നട്ടുച്ചനേരത്തെ മഴ
**കുഞ്ഞച്ചൻ മത്തായി**
സൗഹൃദം
**രാജു കാഞ്ഞിരോട്**
നിലാവല
**ശ്രീകുമാർ ചേർത്തല**

മുഖചിത്രം
**വര: ജാൻസി സനീഷ്**



# എഡിറ്റോറിയൽ

മലയാളമാസം മേടം ഒന്നിനാണ്‌വിഷു ആഘോഷിക്കുന്നത്. കേരളത്തിലെ കാർഷികോത്സവമാണ്‌വിഷു. അടുത്ത ഒരു കൊല്ലത്തെ ഫലത്തെ കുറിച്ചും ഇക്കാലയളവിൽ ജനങ്ങൾ ചിന്തിക്കുന്നു. കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ അതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും വിഷു ആഘോഷിക്കാറുണ്ട്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും സമാനമായ ആഘോഷങ്ങൾ ഉണ്ട്, അവയെല്ലാം ഭാരതത്തിൽ മുൻപ് നിലവിലിരുന്ന പഞ്ചാംഗം പ്രകാരമുള്ള വർഷാരംഭത്തിന്റെ ആഘോഷമാണ്.'പൊലിക പൊലിക ദൈവമേ തൻ നെൽ പൊലിക' എന്നും മറ്റുമുള്ള പുള്ളുവപ്പാട്ടും വിഷുവിന്റെ ഐശ്വര്യദായക സ്വഭാവത്തെയാണ് കാണിക്കുന്നത്‌വിഷുവിനു ചെയ്യുന്ന കാര്യങ്ങളുടെ ഫലങ്ങൾ അടുത്ത ഒരു കൊല്ലക്കാലം നിലനിൽക്കുന്നു എന്നാണ്‌വിശ്വാസം. കേരളത്തിൽ ശ്രീകൃഷ്ണന്റെ ആരാധനയുമായി ബന്ധപ്പെട്ട് വിഷുവിന് പ്രാധാന്യമുണ്ട്. ഗുരുവായൂർ പോലെയുള്ള ശ്രീകൃഷ്ണക്ഷേത്രങ്ങളിൽ മേടവിഷു വളരെ പ്രാധാന്യത്തോടെ ആഘോഷിക്കാറുണ്ട്.

**എഡിറ്റർ**
**സുരേഷ്കുമാർനീലേശ്വരം**

**അസോസിയേറ്റ് എഡിറ്റർ**
**സുധി ഓർച്ച**

**ഐ.ടി.സപ്പോർട്ട്**
**സുജിത്ത്കുമാർ ബാംഗ്ലൂർ**

Powerd by
www.jeevitha.org

jeevitha.org
https://jeevithaorg.blogspot.com/
Signet info technics
City Centre Building
Nileshwar- 671314
8848584070. 9544350969
9497296531 watsup

ചിത്രങ്ങൾക്ക് കടപ്പാട് ഗൂഗിൾ,
അറിവുകൾ: നവമാധ്യമങ്ങൾ

# വരകളിലെ വർണ്ണവിസ്മയം

## ജാൻസി സതീഷ് കാഞ്ഞിരോട്







ആശയങ്ങളെ ചിത്രരൂപേണ ഒരു മാധ്യമത്തിലേക്കു പകർത്തുന്ന കലയാണു ചിത്രകല. പ്രാചീനകാലം മുതൽക്കേ മനുഷ്യൻ തന്റെ ആശയങ്ങൾ ചിത്രകലയിലൂടെ വിനിമയം ചെയ്യുന്നുണ്ട് ചിത്രകലയിലൂടെ സംവേദിക്കപ്പെടുന്ന ആശയങ്ങൾ കാഴ്ചക്കാരിൽ വിവിധ വികാരങ്ങളുണർത്തുന്നു. ഒരു ചിത്രത്തിന്ആയിരം വാക്കുകളുടെ വിലയുണ്ട് ജലച്ചായം, എണ്ണച്ചായം, അക്രിലിക്ക് തുടങ്ങി നിരവധി ചായങ്ങൾ ചിത്രകലക്ക് ഇപ്പോൾ ഉപയോഗിക്കാറുണ്ട്. ആധുനിക കാലഘട്ടത്തിൽ ഡിജിറ്റൽ ചിത്രകല എന്ന ഒരു ശാഖയും ഉണ്ടായിട്ടുണ്ട്





കേരളത്തിൽ മനുഷ്യവാസം തുടങ്ങിയതു മുതൽ ഇവിടത്തെ ചിത്ര കലാപാര മ്പര്യത്തിനും തുടക്കമായി. ഇതിനു തെളിവാണ് പ്രാചീന ഗുഹകളിലെ കൊത്തുചിത്രങ്ങളും ചുവർച്ചിത്ര ങ്ങളും. ആരാധനാലയങ്ങളിലാണ് പ്രധാനപ്പെട്ട ചുവർച്ചിത്രങ്ങൾ എല്ലാം തന്നെ കാണാൻ കഴിയുന്നത്. ദേവീദേവന്മാരുടെ ചിത്രങ്ങൾ വർണ്ണപ്പൊടികൾ ഉപയോഗിച്ച് നിലത്തു വരയ്ക്കുന്ന രീതിയെ കളമെഴുത്ത് എന്നാണു പറയുന്നത്. ഇന്നും അനുഷ്ഠാനങ്ങളിൽ പ്രധാനമായ ഈ രീതി പല ക്ഷേത്രങ്ങളിലും കണ്ടുവരുന്നു. പ്രാചീന ശില്പകലയുടെ മികവു തെളിഞ്ഞുകാണുന്നത് ദാരുശില്പ ങ്ങളിലും, വിഗ്രഹങ്ങളിലും വിളക്കുകൾ, പാത്രങ്ങൾ എന്നിവയിലുമാണ്. ക്ഷേത്രങ്ങളോ ടൊപ്പം തന്നെ ചില പഴയ ക്രൈസ്തവ ദേവാലയങ്ങളിലും ഈ പ്രാചീന ശില്പ വൈദഗ്ദ്ധ്യം കാണാം. ചുവർചിത്രങ്ങളോടൊപ്പം കളമെഴുത്ത്, കോലമെഴുത്ത്, മുഖാവരണ ങ്ങൾ, മുഖത്തെഴുത്ത് എന്നിവയും കേരളീയ ചിത്രകലയുടെ പ്രാചീനരൂപങ്ങളാണ്.

അറിയപ്പെടുന്ന സാഹിത്യ പ്രവർത്തകയും പൊതുപ്രവർത്തകയുമായ റിട്ട: ട്രഷറി ഓഫീസർ കെ. ഉമാവതി കാഞ്ഞിരോടിന്റെയും ബി.പി. കരുണാകരന്റെ മകളായ ഈ അനുഗ്രഹീത ചിത്രകാരി ജാൻസിയുടെ പ്രാഥമിക വിദ്യാഭ്യസം കാഞ്ഞിരോട് എൽ.പി. സ്കൂളിലായിരുന്നു. തുടർന്ന് കൂടാളി ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സിയും, കണ്ണൂർ കൃഷ്ണമേനോൻ സ്മാര വനിതാ കോളേജിൽ നിന്ന് ബിരുദപഠനവും പൂർത്തിയാക്കി. മഹാത്മ കോളേജിൽ നിന്ന് ഹിന്ദി രാഷ്ട്രഭാഷ, പ്രവീൺ പാസ്സായി. വളരെ ചെറുപ്പത്തിൽ തന്നെ ജാൻസിക്ക് ചിത്രകലയോട് അടങ്ങാത്ത അഭിവാഞ്ഛ ഉണ്ടായിരുന്നു. മാഹി കലാഗ്രാമത്തിൽ ചിത്രകല അ ഭ്യസിച്ചു. കണ്ണൂർ, തലശ്ശേരി, വടകര, മാഹി തുടങ്ങി വിവിധ സ്ഥലങ്ങളിൽ കൂട്ടായി നടത്തിയ ജാൻസിയുടെ ചിത്രപ്രദർശനം ഏറെ ജനശ്രദ്ധയാകർഷിച്ചു. കൂടാതെ കണ്ണൂരിലെ സിറ്റിസെന്റർ ഉൽഘാടനത്തോടനുബന്ധിച്ച് നടത്തിയ ചിത്രപ്രദർശനവും ഏറെ ശ്രദ്ധേയമായിരുന്നു. കണ്ണൂരിൽ നടത്തിയ ദക്ഷിണേന്ത്യൻ കാർഷിക മേളയിൽ എടക്കാട് ബ്ലോക്കിന്റെ സ്റ്റാളിലും ചിത്രപ്രദർശനം നടത്തിയിരുന്നു. പെരളശ്ശേരിയിൽ എടക്കാട് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തുതല കാർഷിക കാർഷിക മേളയിൽ മുണ്ടേരി കൃഷിഭവന്റെ സ്റ്റാളിലും പ്രദർശനം ഒരുക്കിയിരുന്നു. ഇതിന് പുറമേ മുണ്ടേരി ഹൈസ്കൂളിൽ ചക്കരക്കൽ പോലീസും വോയ്സ് ഓഫ് മുണ്ടേരിയും ചേർന്ന് നടത്തിയ സാംസ്കാരികോത്സവത്തിൽ വെച്ച് ജാൻസി ആദരവ് ഏറ്റുവാങ്ങി. തലശ്ശേരിയിലെ കേരള സ്കൂൾ ഓഫ് ആർട്സിൽ നിന്ന് ചിത്രകലയിൽ ഫസ്റ്റ് ക്ലാസ്സോടേ പാസ്സായി. നെഹ്റു യുവക് കേന്ദ്രയടക്കും നടത്തിയ ചിത്രകലാ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മലബാറിന്റെ തന്റെ അഭിമാനമായ ഈ ചിത്രകാരിക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നിർലോഭമായ സഹകരണവും നൽകിവരുന്ന സനീഷ്.പി.കെ.യാണ് ഭർത്താവ്, മക്കൾ വിദ്യാർത്ഥികളായ. സിദ്ധാർത്ഥ്, ഉജ്ജ്വൽ എന്നിവരാണ്.



# ജാൻസി സതീഷ് കാഞ്ഞിരോടിന്റെ ചിത്രങ്ങളിലൂടെ...















# ലോകഗതി

ഉണ്ണി വാരിയത്ത്



പ്രകൃതിമനോഹര
ഗ്രാമീണാന്തരീക്ഷത്തെ
പ്രണയിക്കാത്തോരാരു
മുണ്ടാവുകില്ലെങ്കിലും
മാദകഭംഗിയാർന്ന
ചടുലനൃത്തം വെയ്ക്കും
മഹാനഗരത്തോടു
വെറുപ്പു ഭാവിക്കാമോ?
എവിടെയാണെങ്കിലുമ
വിടെ ലയിക്കുവാൻ
എതിരു ഭാവിക്കാതിരി
ക്കലാണ ഭികാമ്യം
നാട്ടിലായാലും
മഹാനഗരത്തിലായാലും
കാട്ടില്ലിരട്ടമുഖം
സൂര്യ ചന്ദ്രതാരങ്ങൾ
ജനനമൊരിടത്തും
ജീവിതമൊരിടത്തും
മരണമേതിടത്തു,
മതല്ലോ ലോകഗതി
അന്യതാബോധം വേണ്ട,
ദൈന്യത വേണ്ടേവേണ്ട
ശൂന്യമാക്കാതെ
പൂർണ്ണമാക്കണം
ജീവിതത്തെ

# വഴിയോര കാഴ്ചകൾ

ഇ.കമലാക്ഷി

കവിത



പച്ചപ്പുതപ്പണിഞ്ഞങ്ങിനെ ധരണി
ചെറുതോടും, മേടും, പുഴയും
കൊറ്റിയും, ചെറുകിളികളും
വള്ളിപ്പടർപ്പും
വൻമരങ്ങൾ പിന്നെ മുൾച്ചെടികളും
അത്രമേലാസ്വദിച്ചൊരു
വഴിയോരങ്ങൾ
കണ്ണിനു കൗതുകമേകിയിതന്നൊരു കാലം
ഇന്നോ? ... വഴികൾ മാത്രം
ഓരക്കാഴ്ച്ചകൾ മങ്ങി
കത്തും വേനലിൻ തല്ലേറ്റു
തലകുമ്പിടും
മെറ്റൽത്തകിടിൻ തിളക്കത്താൽ
തിമിരം കയറി കണ്ണുകളിൽ
എവിടെ ഓരത്തിരുന്ന ആൾ
പൂവണിയും വാക?
മാനം മുട്ടെ വൻ മതിൽ
കെട്ടിടങ്ങൾ പിന്നെ
കാണാം അവിടവിടെ
മാലിന്യക്കൂമ്പാരം തപ്പി
ചികഞ്ഞു കടിക്കുടും ശ്വാനക്കുടം





# .... വിഷു ....

വിഷു മലയാളികളുടെ പുതുവത്സരം. കേരളം , തമിഴ്നാട് , ഇന്ത്യയിലെ മാഹി എന്നിവയിൽ വിഷു ആഘോഷിക്കുന്നു. മലയാളം കലണ്ടറിലെ (ഗ്രിഗോറിയൻ കലണ്ടറിൽ ഏപ്രിൽ 14 അല്ലെങ്കിൽ 15 ) മേടം മാസത്തിന്റെ ഒന്നാം തീയതിയാണ് വിഷു വരുന്നത് . ഇത് പരമ്പരാഗത പുതുവർഷമാണ്, അതേസമയം കൊല്ലം കാലത്തെ കലണ്ടർ പുതുവർഷം ചിങ്ങം ഒന്നിന് വരുന്നു

വർണ്ണാഭമായ ഐശ്വര്യങ്ങൾ തയ്യാറാക്കി വിഷു നാളിൽ (വിഷുക്കണി) ഒന്നാമതായി കാണുന്നതും കുടുംബത്തിന്റെ സമയവുമാണ് ഉത്സവം. പ്രത്യേകിച്ച്, മലയാളികൾ ഇന്ത്യൻ ലാബർണം ( കണി കൊന്ന ), പണമോ വെള്ളിയോ ഉള്ള സാധനങ്ങൾ, തുണി (പട്ട്), കണ്ണാടി, അരി, തേങ്ങ, വെള്ളരി, പഴങ്ങൾ, മറ്റ് വിളവെടുപ്പ് ഉൽപ്പന്നങ്ങൾ എന്നിവ കാണാൻ ശ്രമിക്കുന്നു. വിഷുവിന് ദിവസങ്ങൾക്ക് മുമ്പ് ആളുകൾ അവരുടെ വീടുകളിൽ പടക്കങ്ങൾ പൊട്ടിക്കാൻ തുടങ്ങുന്നു, ആളുകൾ പുതുവസ്ത്രം ( കോടി ) ധരിക്കുന്നു, അവർ സദ്യ എന്ന വിരുന്ന് കഴിക്കുന്നു . കൈനീട്ടത്തിൽ , മുതിർന്നവർ കുട്ടികൾക്ക് ചെറിയ തുക നൽകുന്നു.

### പദോൽപ്പത്തിയും ഉത്ഭവവും

വിഷു , സംസ്കൃത വിഷുവത്തിൽ നിന്നുള്ള , അക്ഷരാർത്ഥത്തിൽ 'തുല്യം' എന്നാണ് അർത്ഥമാക്കുന്നത്, ഇത് പണ്ട് വസന്തവിഷുവത്തിന്റെ ആഘോഷത്തെ സൂചിപ്പിക്കുന്നു . എന്നിരുന്നാലും വിഷുദിനത്തിന് 24 ദിവസം മുമ്പ്, മാർച്ച് 21/ മീനം 7 ന്, വിഷുദിനങ്ങളുടെ മുൻകരുതൽ കാരണം വസന്തവിഷു സംഭവിക്കുന്നു .

## ജീവിത ഡിജിറ്റൽ മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.

ജീവിത ഡിജിറ്റൽ മാസികയിലേക്ക് സമകാലിക പ്രസക്തിയുള്ള കഥ, കവിത, ലേഖനം എന്നിവ അയക്കുന്നവർ 9497296531 എന്ന വാട്ട്സപ്പ് നമ്പറിലേക്ക് ടൈപ്പ് ചെയ്ത് അയച്ചുതരിക. പ്രസിദ്ധീകരണ യോഗ്യമായ ഒന്ന് രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കുന്നതാണ്. മാസിക സംബന്ധമായ കാര്യങ്ങൾ ദയവായി വാട്ട്സ് അപ്പിൽ മാത്രം അന്വേഷിക്കുക.

## മതപരമായ പ്രാധാന്യം

ജ്യോതിശാസ്ത്ര വർഷത്തിലെ ആദ്യ ദിവസമാണ് വിഷു. വിഷ്ണുവിനെയും അദ്ദേഹത്തിന്റെ അവതാരമായ കൃഷ്ണനെയും വിഷു ദിനത്തിൽ ആരാധിക്കുന്നു, കാരണം ദേവനെ സമയത്തിന്റെ ദൈവമായി കണക്കാക്കുന്നു. ഈ ദിവസമാണ് കൃഷ്ണൻ അസുര രാജാവായ നരകാസുരനെ വധിച്ചതെന്നാണ് വിശ്വാസം . ഇക്കാരണത്താൽ, ഈ അവസരത്തിൽ കൃഷ്ണ വിഗ്രഹങ്ങളെ പൂജിക്കുന്നു.

## കേരളത്തിലെ വിഷുക്കണി

തുളുനാട് തീരദേശ കർണാടകയിലെ ബിസു 'കനി' എന്ന മലയാള വാക്കിന്റെ അർത്ഥം 'ആദ്യം കാണുന്നത്' എന്നാണ്, അതിനാൽ 'വിഷുക്കണി' എന്നാൽ 'വിഷു നാളിൽ ആദ്യം കാണുന്നത്' എന്നാണ്. ഒരാളുടെ ഭാവി ഒരാൾ അനുഭവിക്കുന്നതിന്റെ പ്രവർത്തനമാണ്, വിഷുവിന് ആദ്യം മംഗളകരമായ സന്തോഷകരമായ കാര്യങ്ങൾ കണ്ടാൽ പുതുവർഷം മികച്ചതായിരിക്കുമെന്നാണ് പരമ്പരാഗത വിശ്വാസം. അതുകൊണ്ട്, മംഗളകരമായ ഇനങ്ങളുടെ ഒരു ക്രമീകരണം, സാധാരണയായി ഒരു ട്രേ, തയ്യാറാക്കുന്നതിനു മുമ്പുള്ള ദിവസം മലയാളികൾ ചെലവഴിക്കുന്നു. വിഷു നാളിൽ എഴുന്നേൽക്കുമ്പോൾ ആദ്യം കാണുന്നത് ഈ സജ്ജീകരണമാണ്.

വിഷുക്കണി സജ്ജീകരണത്തിൽ നെല്ല് , പൊൻ നാരങ്ങ , പൊൻ വെള്ളരി , തേങ്ങ, ചക്ക, കൺമഷി , വെറ്റില , അടക്കാ , ആറന്മുള കണ്ണാടി ( വാൽക്കണ്ണാടി ), സ്വർണ്ണ നിറമുള്ള കൊന്ന പൂക്കൾ തുടങ്ങിയ ഇനങ്ങൾ അടങ്ങിയിരിക്കുന്നു. വിഷു, നിലവിളക്ക് , വിഷ്ണു വിഗ്രഹം, മറ്റ് മംഗളകരമായ വസ്തുക്കൾ. വിഷുക്കണിയിലെ കണ്ണാടി നിങ്ങൾ പാനിയുടെ രൂപത്തിൽ കാണുന്ന സമൃദ്ധിയുടെ ഭാഗമായി സ്വയം കാണുന്നതിന്റെ പ്രതീകമാണ്.മുതിർന്നവർ ഉറക്കമുണർ ന്നതിന് ശേഷം വിളക്ക് കൊളു ത്തുകയും കുടുംബ ത്തിലെ കുട്ടികളെ ഉണർത്തുകയും ചെയ്യുന്നതാണ് പാരമ്പര്യം. ഉറക്കമുണർ ന്നയുടൻ, കണ്ണുകളടച്ച് കണിവെച്ചിടത്ത് പോയി കണ്ണു തുറക്കുന്നു.

## വിഷു സദ്യ

കേരളത്തിലെ എല്ലാ ഉത്സവങ്ങളുടെയും പ്രധാന ഭാഗമാണ് സദ്യ, വിഷു കഞ്ഞി , തോരൻ , വിഷുക്കട്ട എന്നീ പ്രത്യേക വിഭവങ്ങളും ഉണ്ടാക്കാറുണ്ട്. അരി, തേങ്ങാപ്പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവകൊണ്ടാണ് കഞ്ഞി ഉണ്ടാക്കുന്നത്. പുതുതായി വിളവെടുത്ത അരിപ്പൊടിയും ശർക്കരയും ചേർത്ത് വിളമ്പുന്ന തേങ്ങാപ്പാൽ ഉപയോഗിച്ച് തയ്യാറാക്കുന്ന ഒരു വിഭവമാണ് വിഷുക്കട്ട. ഒപ്പം തോരനും നിർബന്ധമായും ചേരുവകളുണ്ട്. മറ്റ് പ്രധാന വിഷു വിഭവങ്ങളിൽ വേപ്പമ്പൂരസം (വേപ്പിന്റെ കയ്പ്പുള്ള ഒരുക്കം), മാമ്പഴപ്പുളിശ്ശേരി (പുളിച്ചതോ പഴുത്തതോ ആയ മാമ്പഴ സൂപ്പ്) ക്ഷേത്ര വഴിപാടുകളിൽ പോലും ബീവു ബെല്ല , മധുരമുള്ള ശർക്കര, കയ്പ്പുള്ള വേപ്പ്, മറ്റ് രുചികൾ എന്നിവ ഉൾപ്പെടുന്നു.

പുതുവർഷ വിഷുവിന് മധുരം, ഉപ്പ്, പുളി, കയ്പ്പ്, എരിവ് എന്നിവ കലർത്തി ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കർണാടക, തെലങ്കാന, ആന്ധ്രാ പ്രദേശ് എന്നിവിടങ്ങളിലെ ഹിന്ദുക്കൾ ഉഗാദി പോലുള്ള പുതുവർഷ ദിനങ്ങളിൽ തയ്യാറാക്കുന്ന പച്ചടി ഭക്ഷണത്തിന് സമാനമാണ്. വ്യത്യസ്ത രുചികൾ സമന്വയിപ്പിക്കുന്ന ഈ പരമ്പരാഗത ഉത്സവ പാചകക്കുറിപ്പുകൾ, വരാനിരിക്കുന്ന പുതുവർഷത്തിൽ എല്ലാ അനുഭവങ്ങളും പ്രതീക്ഷിക്കണം,



*(ലേഖനം കടപ്പാട്)*




തകരുന്ന സ്നേഹ ബന്ധങ്ങൾക്കുള്ള കാരണങ്ങൾ നിരവധിയാണ്. ദൃഢമായ സ്നേഹങ്ങബന്ധങ്ങളും കുടുംബന്ധങ്ങളും തകരുന്നതിനുള്ള നിദാനം ഒരാൾ മറ്റൊരാളുടെ മേൽ നടത്തുന്ന അമിതമായ ഇടപെടലുകളാണ്. ഒരു വ്യക്തിയുടെ ആശയാഭിലാഷങ്ങൾക്ക് പ്രാധാന്യം നൽകാതെ രക്ഷിതാക്കളുടെ ഇഷ്ടങ്ങൾക്ക് അമിത പ്രാധാന്യം നൽകി ആ വ്യക്തിക്ക് വേണ്ടി നടത്തുന്ന അമിതമായഇടപെടലുകൾ ഒരു സ്ത്രീയുടെ ജീവിതം എങ്ങനെയാണ് നശിപ്പിക്കുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ക്വയറ്റ് റിവഞ്ച് എന്ന മിനി സിനിമയിലൂടെ എഴുത്തുകാരനും സംവിധായകനുമായ സുധി ഓർച്ച പ്രേക്ഷകരിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നത്. ആത്മാർത്ഥമായ ഇഷ്ടാനിഷ്ടങ്ങൾ ഒരോവ്യക്തിക്കുമുണ്ട്. കലാപരവും തൊഴിൽ പരവുമായുള്ള അത്തരം ഇഷ്ടങ്ങൾ ത്യജിക്കുന്നത് ജീവതാവസാനം വരെ ആ വ്യക്തിക്ക് മരുന്ന് ഉപയോഗിച്ചാൽ പോലും മാറാത്ത മുറിവാണ് സമ്മാനിക്കുന്നത്. കുടുംബ ജീവിതത്തിന്റെ തകർച്ച, അതോടൊപ്പം നീറുന്ന സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന സ്ത്രീ സ്വന്തം ഡ്രീം ജോബിന് വേണ്ടി കുടുംബ ബന്ധം ഉപേക്ഷിച്ച് മെട്രോ നഗരത്തിലേക്ക് യാത്രയാകുന്നതും പിന്നീടുള്ള സംഭവ ബഹുലമായ പച്ചയായ ജീവിത യാത്രയിലെ തെറ്റുകളും ശരികളും ഒരു ചോദ്യചിഹ്നമായി സമൂഹത്തിന്റെ മുമ്പിൽ തുറന്ന് കാണിക്കാനുള്ള ശ്രമം കൂടിയാണ് സംവിധായകൻ ഇതിലൂടെ നടത്തുന്നത്.

കവിത

**ഹരിപ്രകാശ് ചേറ്റുകുഴി**
9495273151



# സൗഹൃദ കൂട്ടായ്മ

സൗഹൃദകൂട്ടായ്മ ഒഴിവാക്കാൻ
പറ്റാത്ത കാലമായിന്ന് മാറിടുന്നു
തിരക്കിനിടയിലും ഏകാന്തതയിലും
സൗഹൃദയങ്ങൾക്കവിധിയില്ല
മനസ്സിന്ന് അസ്വസ്ഥമാകുമ്പോൾ സൗഹൃദീ
സംരക്ഷണഭിത്തിതീർത്തിടുന്നു
ഇണങ്ങിപിണങ്ങി ചിരിച്ചും കയർത്തും
പലരോടും പലവിധമായി ടുന്നു
താൻ വലുതന്നചിന്തനൽകി
മറ്റുള്ളോരോട് വീമ്പ് കാട്ടും
പരദൂഷണമിന്ന്പലസൗഹൃദങ്ങളും
വഴിമാറി പോകുന്നു പലയിടത്തും
അറിയാത്ത കാര്യങ്ങൾഅറിയുവാൻ
കൂട്ടായ്മ വഴിത്തിരിവായി മാറിടുന്നു
നേരംപോക്കീടുവാൻ സൗഹൃദം
പലരുമിന്ന് നേട്ടമായ്തന്നെ കരുതിടുന്നു
ക്ലാവുപിടിച്ചമനസ്സുകൾവൃത്തിയായ്
സ്നേഹത്തിൻ വിത്തങ്ങ്പാകിടുന്നു
എല്ലാവരോടും വിധേയത്വംമേകി
പുഞ്ചിരി തുകി മൊഴിഞ്ഞിടുന്നു
ജനനമരണത്തിനിടയിലെ ഭംഗ്ഷന്
സൗഹൃദം സാന്നിദ്ധ്യമായിരിക്കും
മാനുഷ്യരുള്ളോരു കാലം വരയും
സൗഹൃദങ്ങൾക്ക്പകിട്ട് നൂറ്



# അരളി

സസ്യലോകത്ത് തന്നെ അടിമുടി വിഷാംശം അടങ്ങിയ സസ്യം ഏതെന്ന് ചോദിച്ചാൽ അരളി എന്നതായിരിക്കും ഏറ്റവും നല്ല മറുപടി. വേരുകൾ, ഇലകൾ, തണ്ട്, വെള്ള നിറമുള്ള പാല്, പൂക്കൾ തുടങ്ങി എല്ലാ ഭാഗങ്ങളിലും വിവിധയിനം വിഷാംശം അടങ്ങിയിരിക്കുന്നു.

നാട്ടിലെങ്ങും വ്യാപകമായി കാണുന്ന അലങ്കാര സസ്യമാണ് അരളി. ശാസ്ത്രീയമായി Nerium oleander, N.indicum എന്നെല്ലാം ഉള്ള പേരുകളിൽ ഇത് അറിയപ്പെടുന്നു. രണ്ടോ മൂന്നോ മീറ്റർ മാത്രം ഉയരം വയ്ക്കുന്ന ഈ സസ്യം അപ്പോസയനെസിയെ കുടുംബത്തിലെ അംഗമാണ് . റോസ് നിറത്തിലും പിങ്ക് നിറത്തിലും ചുവപ്പിന്റെ വിവിധ രാശികളിലും വെള്ള നിറത്തിലും മഞ്ഞ നിറത്തിലുമുള്ള പരിമള പൂക്കൾ ധാരാളമായി ഉണ്ടാവുന്ന സസ്യമായ തിനാൽ അലങ്കാര ആവശ്യത്തിനും ഇത് നട്ടുവളർത്താറുണ്ട്.

കാലാവസ്ഥാപരമായി, ഉണങ്ങിയ അല്ലെങ്കിൽ ജലം ആവശ്യമില്ലാത്ത തരംപ്രകൃതിയിൽ വളരാൻ അനുരൂപണം ചെയ്തിരിക്കുന്നതിനാൽ ഹൈവേയിലും ഡിവൈഡറുക

ളിലും മറ്റു പരിപാലനം ആവശ്യം ഇല്ലാത്തതരം പൂന്തോട്ട ങ്ങളിലും നടാനായി തിരഞ്ഞെടുക്കുന്ന ആദ്യ ത്തെ സസ്യം ഒരു പക്ഷേ അരളി തന്നെയാവും. നല്ല കട്ടികൂടിയ ഇലകളും ജലാംശം നഷ്ടപ്പെടാതെ ഇരിക്കാൻ സ്വേദന പ്രക്രിയ കുറ യ്ക്കാനുള്ള അനുരൂപണ ങ്ങളും ഇവയുടെ പ്രത്യേകതകളാണ്.

ഒരുപക്ഷേ സസ്യലോകത്ത് തന്നെ അടിമുടി വിഷാംശം അടങ്ങിയ സസ്യം ഏതെന്ന് ചോദിച്ചാൽ അരളി എന്നതായിരിക്കും ഏറ്റവും നല്ല മറുപടി. വേരുകൾ, ഇലകൾ, തണ്ട്, വെള്ള നിറമുള്ള പാല്, പൂക്കൾ തുടങ്ങി സസ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വിവിധയിനം വിഷാംശം അടങ്ങിയിരിക്കുന്നു. oleandrin, oleandroside, neriin തുടങ്ങിയ ഹൃദയത്തെ ബാധിക്കുന്ന ഗ്ലൈക്കോ സൈഡുകൾ ആണ് ഈ സസ്യത്തെ വിഷകാരി ആക്കുന്നത്. ഒന്നോ രണ്ടോ ഇലകളോ ഏതാനും പൂക്കളോ അറിഞ്ഞോ അറിയാതെയോ ഉള്ളിലേക്ക് ചെന്നാൽ മരണം വരെ സംഭവിക്കാവുന്ന തരത്തിൽ വിഷ ബാധ ഉണ്ടായേക്കാം. ചില പഠനങ്ങൾ അനുസരിച്ച് കേവലം നാല് ഗ്രാം ഇല അകത്തു ചെന്നാൽ തന്നെ വിഷബാധ ഉണ്ടാകാം. തലകറക്കം, ഛർദി എന്നിവ ഇതിന്റെ വിഷബാധയുടെ ആദ്യ ലക്ഷണങ്ങളാണ് എന്നാൽ തുടർന്ന് ഹൃദയത്തിന്റെ പ്രവർത്തനം താളം തെറ്റുകയും വിഷബാധയുടെ മറ്റ് ലക്ഷണങ്ങളായ ഉയർന്ന ഹൃദയ മിടിപ്പ്, തലവേദന, ബോധക്ഷയം, തളർച്ച എന്നിവയെല്ലാം കാണിക്കു കയും ചെയ്യുന്നു. വിഷാംശം ഉള്ളിൽ ചെന്നു എന്ന് സംശയം ഉണ്ടായാൽ എത്രയും വേഗത്തിൽ വൈദ്യസഹായം തേടേണ്ടത് അനിവാര്യമാകുന്നു.

ഇലകളിലെയും പൂക്കളിലെയും വിഷാംശം അതിന്റെ വളർച്ചാഘട്ടം അനുസരിച്ച് മാറാവുന്നതാണ്. അരളിയുടെ കമ്പിൽ കോർത്തുവെച്ച മാംസഭാഗങ്ങൾ ബാർബിക്യു ചെയ്തതിനുശേഷം ഭക്ഷിച്ച ആളുകളിലും അരളിച്ചെടി കൂട്ടിയിട്ട് കത്തിച്ച് പുക ശ്വസിച്ച ആളുകളിലും വരെ വിഷബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അരളി ഇലകൾ കമ്പോസ്റ്റ് ആക്കി ആ കമ്പോസ്റ്റ് ഇട്ടു വളർത്തിയ മറ്റ് സസ്യങ്ങളിൽ പോലും അരളിയിലെ വിഷാംശങ്ങൾ കടന്നുകൂടിയതായി പഠനങ്ങൾ കാണിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ പല അമ്പലങ്ങളിലും പൂജയ്ക്കും മറ്റും അരളിപ്പൂക്കൾ ഉപയോഗിക്കുന്നത് കാണാറുണ്ട്. എല്ലാ കാലങ്ങളിലും കാലാവസ്ഥയിലും പൂക്കൾ ഉണ്ടാവാറുണ്ട് എന്നത് ഒരുപക്ഷേ ഇത്തരം ആവശ്യങ്ങൾക്ക് എടുക്കുന്നതിന് ഒരു കാരണമാവാം.

അളവാണ് വിഷം നിർണയിക്കുന്നത് (Sola dosis facit Venenum) എന്ന പ്രശസ്തമായ ലാറ്റിൻ ആപ്തവാക്യം ഇവിടെയും ബാധകമാണ്. വളരെ ചെറിയ അളവിൽ ഹൃദ്രോഗ ചികിത്സയ്ക്കായി ചൈനയിലെ പ്രാദേശിക ചികിത്സാക്രമങ്ങളിൽ അരളി ഉപയോഗിക്കാറുണ്ട്

*കടപ്പാട്*




വിശ്വസ്തതയുടെ, മികവിന്റെ
8-ാം വർഷത്തിലേക്ക്
Masters Academy
Masters
ACADEMY
THALIYIL TEMPLE ROAD, NILESHWAR
സമാന്തര വിദ്യാഭ്യാസ രംഗത്തെസമാനതകളില്ലാത്ത നാമം...
തലമുറകൾക്ക് അക്ഷരവെളിച്ചമേകി ജീവിതവിജയത്തിന്റെ
പടവുകൾ താണ്ടാൻ ഏവർക്കും തുണ നിൽക്കുന്ന വിദ്യാകേന്ദ്രം
2023–24 വർഷത്തെ
അഡ്മിഷൻ
ആരംഭിച്ചിരിക്കുന്നു.
8,9,10 (Eng. / Mal)
X CBSE
VIII, IX, CBSE
+1,+2 Science Tuition + Entrance
NB: അഡ്മിഷൻ രക്ഷിതാക്കൾ മുഖാന്തരം മാത്രം
ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ബാച്ചുകൾ
FOR MORE INFO
+91 9846 991380
+91 9778 084377
+91 9495 723380
ഭാഷകൾ, സയൻസ്, ഗണിതം വിഷയങ്ങളിൽ ഇപ്പോൾ 7ലും, 8ലും, 9 ലും
പഠിക്കുന്ന, അടുത്ത അദ്ധ്യായന വർഷം 8,9,10 ക്ലാസുകളിലേക്കെത്തുന്ന
കുട്ടികൾക്ക് ആർജ്ജിക്കേണ്ടുന്ന, അടിത്തറയുണ്ടാക്കുന്ന ബേസിക്
കോഴ്സുകൾ ആദ്യത്തെ ഒരുമാസം നൽകുന്നതാണ്. (എല്ലാ വിഷയങ്ങളിലും)

# ജ്ഞാനം



കമലാക്ഷൻ വെള്ളാച്ചേരി

ജ്ഞാനത്തിൽ നിന്നാണ് മുക്തിയുണ്ടാവുന്നത്.

ഇനി നമുക്ക് ആധുനിക കാലത്തേക്ക് വരാം കല്കി പറഞ്ഞു. ചിലർ കാൽനടയായി യാത്രചെയ്യുന്നു. ചിലർ വാഹനങ്ങളിൽ യാത്ര ചെയ്യുന്നു. ചിലർ വിമാനങ്ങളിൽ യാത്ര ചെയ്യുന്നു. എന്തെല്ലാം കണ്ടുപിടുത്തങ്ങൾ. ജ്ഞാനമാണ് അതിനാശ്രയം. ജ്ഞാനമില്ലെങ്കിൽ ഒന്നും തന്നെയില്ല.

ആധുനിക ജീവിത പ്രസ്ഥാനങ്ങളെ കുറിച്ച് നാളെ പറയാം. ഞാൻ അല്പനേരം വിശ്രമിക്കാൻ പോവുകയാണ്. കല്കി പറഞ്ഞു.

അല്പനേരത്തെ വിശ്രമത്തിന് ശേഷം കല്കി ഉണർന്നു. മൗനത്തിന്റെ ഏകാന്തതകളിൽ പാടിയ ഗാനങ്ങൾ നടന്ന വഴികൾ, എഴുതിയ പുസ്തകങ്ങൾ. ഈ പ്രപഞ്ചത്തിന്റെ അഗാധതകളിൽ അപാരതകളിൽ അനന്തതകളിൽ നിറഞ്ഞു നിന്ന നാദങ്ങൾ എന്റെ അഭൗമ സംഗീതം കല്കി ചിന്തിച്ചു.

ഒരു സാധാരണക്കാരനോടെന്ന പോലെ ദൃശ്യമോ അദൃശ്യമോ ആയ ചോദ്യം ഒരു കുടുംബിയിൽ നിന്ന് നിനക്കൊരു പെണ്ണുണ്ടോ.



ഇപ്പോൾ എഴുതുന്ന ഈ നോവൽ അതിനുത്തരം നൽകി ഇണയോടെ ജനിച്ച ഒരു ജന്മമല്ല കല്കി അവതരിച്ച ബ്രഹ്മമാണ്. ആധുനികതയ്ക്കു മുമ്പ് ഇതിഹാസ കാവ്യം രാമായണം മഹാഭാരതം ഒടുവിൽ മഹാഭാരതത്തിലെ കഥാപാത്രങ്ങൾക്ക് നാട് വിട്ട് കാട്ടിലേക്കും പോകേണ്ടിവന്നു.

മഹാപ്രസ്ഥാനം എന്നാണ് ഇതിന് പറയുക.സ്വന്തം അമ്മയോട് കല്കി പറഞ്ഞു.

ചിന്തയുടെ മേൽപ്പാലങ്ങളിലൂടെ എത്ര സഞ്ചരിച്ചു. വിമാന യാത്രകൾ എത്ര പ്രസ്ഥാനങ്ങളെത്തേടി.

ന്യൂഡൽഹി കേന്ദ്ര സാഹിത്യ അക്കാദമി വരെ യാത്ര ചെയ്തു എന്നാൽ വിദേശ യാത്രകൾ ചെയ്തില്ല. വായനയിലൂടെ വിശ്വസാഹിത്യ ഗവേഷണ പഠനങ്ങളെ അടുത്തറിഞ്ഞു.

ഫോക്ക്ലോർ അക്കാദമിയുടെയും, ലളിതകലാ അക്കാദമിയുടെയും സംഗീതനാടക അക്കാദമിയുടെയും വേറെ പ്രസ്ഥാനമാണെന്ന് തിരിച്ചറിഞ്ഞു.

ഒരു പ്രത്യേകതയുമില്ലാതെ അതെല്ലാം ഇന്നും അവശേഷിക്കുന്നു.

ഒരിക്കൽ എവിടെയോ വെച്ച് ഒരാൾ പയ്യന്നൂർ പബ്ലിക് ലൈബ്രറിയിൽ വച്ചാണെന്ന് തോന്നുന്നു. കല്കിയോട് ഇങ്ങനെ ചോദിച്ചു.

നിങ്ങൾ ഇപ്പോൾ എഴുതാറില്ലേ?.

മൗനം വചിച്ചതേയുള്ളൂ.

വിശ്രമങ്ങളുടെ ഇടവേളകളിൽ നോവൽ പൂർത്തിയാക്കും.

ദീർഘനേരം ഇരുന്ന് എഴുതുകയില്ല അപ്പോഴേക്കും പള്ളിയിൽ നിന്ന് വാങ്ക് വിളിയുയർന്നു. അടുത്തുള്ള മുത്തപ്പൻ ക്ഷേത്രത്തിൽ നിന്ന് വെള്ളാട്ടവും ചെണ്ടകൊട്ടും.

ഓരോ മാസവും കണ്ണൂർ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിൽ പോകുമ്പോൾ ഗൗരവം കിതഞ്ഞ ഒരു വായനക്കാരനാണ്. കല്കി മലയാളം സംസ്കൃതം, ഹിന്ദി ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ജേണലുകൾ മാഗസിനുകൾ മറ്റു പിരിയോഡിക്കൽസ് എന്നിവയാണ് വായിക്കുക.

2018 ഡിസംബറോടെ മറ്റു കൃതികളും പൂർത്തിയായി. ആദ്യത്തേത് ക്രിട്ടിസിസം മാസ്റ്ററിംഗ് റിസർച്ച് സ്റ്റഡിസ് പിന്നീട് സംസ്കൃത കവിത സമാഹാരം സന്യാസി ഇന്ത്യ മുഴുവൻ സഞ്ചരിച്ചു.

2018 സെപ്തംബർ ഡിസംബർ മാസങ്ങളിലാണ് വിമാനത്തിലൂടെ ന്യൂഡൽഹിയിലെത്തുന്നത്.

2018 ഇടപ്പാൾ കണ്ണൂർ സെൻട്രൽ ലൈബ്രറിയിലെ അംഗമാണ്.

എനിക്കൊരു മൊബൈൽ ഫോണും വെബ്സൈറ്റും ഉണ്ടാകുന്നത് ഈ കാലത്താണ് ലോകത്ത് ഞാൻ ചെയ്ത യാത്രകളിൽ എത്രയോ യൂണിവേഴ്സിറ്റികൾ വന്നെന്ന് ആ ഗൗരവങ്ങളെക്കുറിച്ച് കല്കി ചിന്തിച്ചു.

കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ തന്നെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടും മഹാഭാരതം കിളിപ്പാട്ടും തുള്ളൽ പ്രസ്ഥാനത്തിൽ ശീതങ്കൻ തുള്ളൽ ഓട്ടൻ തുള്ളൽ പറയാൻ തുള്ളൽ.

കൃഷ്ണപ്പാട്ടു പ്രസ്ഥാനം കുമാരനാശന്റെ ഖണ്ഡകാവ്യ പ്രസ്ഥാനം ഇവിടെയുണ്ടായ സന്ദേശ കാവ്യ പ്രസ്ഥാനം അങ്ങനെ അങ്ങനെ എന്തെല്ലാം പ്രസ്ഥാനങ്ങൾ ഭാഷകളിൽ ആവിഷ്കാരങ്ങളിൽ രീതികളിൽ അറിയപ്പെടുന്ന പ്രസ്ഥാനങ്ങൾ

നോവൽ പ്രസ്ഥാനം, ചെറുകഥ പ്രസ്ഥാനം, നാടകപ്രസ്ഥാനം, കലാപ്രസ്ഥാനങ്ങൾ, പ്രസ്ഥാനങ്ങളിലൂടെ നടപ്പാതകളിലൂടെ എത്ര നടന്നു പ്രസ്ഥാനങ്ങളുടെ എസ്കലേറ്ററുകളിലൂടെ എത്ര കയറി.

പ്രസ്ഥാനങ്ങളിലൂടെ ലിഫ്റ്റുകളിലൂടെ എത്ര കയറിയിറങ്ങി എല്ലാം സാഹിത്യവും കലയും കിളിപ്പാട്ട് പ്രസ്ഥാനം തുള്ളൽ പ്രസ്ഥാനം, ആട്ടക്കഥ എന്നു പറഞ്ഞാൽ കഥകളി പ്രസ്ഥാനം ഭരതമുനിയുടെ നാട്യശാസ്ത്രം ഭാസകാളിദാസൻമാരുടെ സാഹിത്യങ്ങൾ സ്വപ്നങ്ങളെ യാഥർത്ഥ്യമാക്കൻ കഴിയാതെ പോയവർ

കർണാടിക് സംഗീതം, ഹിന്ദുസ്ഥാനി യേശുദാസിന്റെ സംഗീത കച്ചേരികൾ മുന്നിലിരുന്നിട്ടുണ്ട്.

പല സംഗീജ്ഞന്മാരേയും നേരിൽ കണ്ടിട്ടുണ്ട്.എത്രയെത്ര ചിത്രകാരന്മാർ എത്രയെത്ര സങ്കേതങ്ങൾ എത്രയെത്ര പ്രശസ്ത കലാകാരന്മാരെ നേരിൽ കണ്ടു മാജിക്കുകൾ നൃത്തങ്ങൾ.

ഇന്ന് 2021 മാർച്ച് 17 ബുധൻ

കല്കി സ്വന്തം കിടപ്പുമുറിയിൽ വിശ്രമിക്കാൻ പോവുകയാണ്.

*(കമലാക്ഷൻ വെള്ളാച്ചേരിയുടെ കല്ക്കി എന്ന നോവലിലെ ജ്ഞാനം എന്ന ഭാഗം)*



ഭാവന ഷൈജു

കഥ

# ഒടുവിൽ

സന്ധ്യമയങ്ങി. തെരുവു വിളക്കുകൾ കണ്ണടച്ചിട്ട് സമയമേറെയായി. അമ്മയുടെ കണ്ണുകൾ ഉറവപൊട്ടി അരുവിയായി .ചുറ്റും നിന്നവർ അടക്കം പറഞ്ഞു തുടങ്ങി.അച്ഛന്റെ വരവുംകാത്തു ഉമ്മറ പടിയിൽ ദേവു. എന്താണാവോ ഇത്രയും വൈകുന്നത്. കുടുംബത്തിന്റെ അവസാന പ്രതീക്ഷ വിദ്യാസമ്പന്നയായ അവളായിരുന്നു. ചേച്ചി എന്നും ചേർത്ത് പിടിച്ചു പറയാറുള്ളത് അവൾ ഓർത്തു. എനിക്ക് ജോലി കിട്ടിയിട്ട് വേണം നിന്നെ നല്ല നിലയിൽ എത്തിക്കാൻ, ശ്വാസം മുട്ടുള്ള അച്ഛനെ പിന്നെ സെക്യൂരിറ്റി പണിക്കു വിടില്ല. വാതരോഗത്തോട് പൊരുതി തോറ്റു കൊണ്ട് ഇരിക്കുന്ന അമ്മയ്ക്ക് മികച്ച ചികിത്സ നൽകണം.

അടക്കം പറച്ചിലുകൾക്ക് ആക്കം കൂടിയപ്പോൾ ദേവു ചിന്തയിൽ നിന്നുണർന്നു.അമ്മയുടെ കണ്ണുനീർ വറ്റി മരുഭൂമിയായി ചുട്ടു പൊള്ളുന്നതും അവൾ അറിയുന്നുണ്ടെങ്കിലും അതിനു മുഖം കൊടുക്കാതെ കണ്ണടച്ചു അച്ഛന്റെ വരവും കാത്തു ഉമ്മറപടിയിൽ കണ്ണടച്ചിരുന്നു. അടക്കം പറഞ്ഞവർ സങ്കടത്തിന്റെ കപട മുഖം മൂടിയണിഞ്ഞു അവളോട് യാത്ര ചോദിച്ചപ്പോഴും അവരെയൊന്നും അവൾ കുറ്റപ്പെടുത്തിയില്ല. രാത്രിയുടെ മൂർദ്ധന്യാവസ്ഥയിൽ കതകിൽ ആരോ മുട്ടുന്നത് കേട്ടാണ് അവൾ കണ്ണ് തുറന്നത്.



നീ വന്നുവോ എന്ന് ചോദിച്ചു അമ്മ അപ്പോഴും കലങ്ങിയ കണ്ണുകളാൽ ഓടി വന്നു. ഇല്ല വന്നില്ല. അച്ഛൻ വിളറിയ മുഖം ഒളിച്ചു വെക്കാൻ പാടുപെടുന്നത് അവൾ ശ്രദ്ധിച്ചു. അമ്മ വീണ്ടും ഉറവയടഞ്ഞു പോയൊരരുവി കൂടുതൽ ആഴത്തിൽ കുത്തി തേവുന്നു.കാലചക്രം ആർക്കും വേണ്ടി കാത്തു നിന്നില്ല.അമ്മനാലു ചുമരുകൾക്കുള്ളിലെ നിഴൽ മാത്രം ആയി ദേവൂട്ടിയും അച്ഛനും വാക്കുകൾക്ക് പിശുക്കു കാണിച്ചു. ഓർമ്മകൾക്ക് അവൾ സ്വയം മാറാല കെട്ടാൻ ശ്രമിച്ചു. ഒരു ഉച്ച മയക്കത്തിന്റെ ആലസ്യത്തിൽ ആരോ വിളിച്ചതുപോലെ ദേവൂട്ടിക്ക് തോന്നി. ഓടിച്ചെന്നു കതക് തുറന്നു ആരെയും കണ്ടില്ല. തിരിഞ്ഞു നടക്കവേ ഉമ്മറത്തെ ചുവരുകൾക്ക് അപ്പുറത്ത് നിന്നും ദൈന്യമായൊരു ശബ്ദം ദേവൂ.... മുഷിഞ്ഞു നാറിയ വസ്ത്രം കറുത്ത് എല്ലും തോലും ആയ ശരീരം ആരാ... മനസ്സിൽ ആയില്ല. ഞാൻ.. പകരം വാക്കുകൾ ഇല്ല കണ്ണുനീർ തുള്ളികൾ മാത്രം.അമ്മേ അമ്മേ ചേച്ചി വന്നു. കാർത്തു മോളെ എന്ന വാക്കിൽ അച്ഛാ ചേച്ചി വന്നു. ഇതുവരെ നീ എവിടെ ആയിരുന്നു ഇതുവരെ.... അത് പറയാൻ ആവാതെ അവൾ കുഴഞ്ഞു വീണു. ശരീരത്തിന്റെ ഓരോ ഭാഗത്തും ആഴമേറിയ മുറിവുകൾ.പലതരത്തിലും പൊള്ളിച്ചപാടുകൾ. കാണാൻ കഴിഞ്ഞില്ല. ചേച്ചി... വിളികൾക് കാതോർക്കാതെ അവൾതിരിഞ്ഞോടി. കാർത്തു എന്നുള്ള വിളി മുഴങ്ങി ഏകാന്തമായ മനസിലേക്ക് തീ കോരിയിടുന്ന പ്രണയമേ നിന്റെ ഈ സ്നേഹ തീരത്തു കർത്തുമ്പിക്ക് നഷ്ടമായത് സ്വന്തം ജീവനായിരുന്നു. നിന്നോട് ഉള്ള പ്രണയം മരണത്തിലേക്കുള്ള വഴിയായിരുന്നു എന്നവൾ അറിഞ്ഞിരുന്നില്ല... അത്ര സ്നേഹിച്ചിരുന്നു അവൾ അവനെ.. അവനെ ഒരു നോക്കു കണ്ട മാത്രയിൽ കർത്തുവിനു ഒരുപാട് ഇഷ്ടം തോന്നിയിരുന്നു... അവനും പറയാതെ പറഞ്ഞകന്നു.. ആ ഇഷ്ടത്തിന് ആയുസ് കുറഞ്ഞു പോകുമെന്ന് അവൾ വിചാരിച്ചിരുന്നില്ല.. കാമ ഭ്രാന്തിന് സ്വന്തബന്ധമില്ല.. പലർക്കും അവളെ കാഴ്ചാവച്ച് ആ കാമത്തിനും വിലയില്ലാതായി...ഇടവേള യില്ലാതെ യായി പലപ്പോഴും അവൾ മരവിച്ചപ്പോളായി.. എന്നിട്ടും അവൾ എങ്ങനെയോ വീട്ടിലേക്ക് എത്തിപ്പെട്ടു.. അവൾക്കു പോലും അതിനൊരു അറിവില്ലായിരുന്നു.. പ്രിയപ്പെട്ടവരെ കാണാം എന്നൊരു ചിന്ത മാത്രം.. താൻ അനുഭവിച്ച വേദനകൾ പറയാൻ തുടങ്ങുമ്പോൾയേക്കും അവൾ പറന്നകന്നു വിദുരതയിലേക്ക്.. പ്രണയം അനശ്വരമായിരുന്നു ഒരു കാലത്തു.. എന്നിപ്പോൾ പ്രണയം ഇണയെ കൊന്നിട്ട് സ്വയം കൊന്നു രസിക്കുന്ന കാലത്തിലേക്ക് സഞ്ചരിക്കുന്നു... എന്നിക്കു കിട്ടാത്ത പ്രണയം/കാമം ആർക്കും കിട്ടരുത് എന്നൊരു ചിന്ത അവനെ പലതിലേക്കും നയിക്കുന്നു... ‘‘ഹേ പ്രണയമേ നിനക്ക് മരണമില്ല....’’





# അമ്മ മഴക്കാറ്

മഴയുടെ നേർത്തൊരു താരാട്ടിൻ ഈണത്തിൽ
മകനാ ഉമ്മറപ്പടി മേലിരുന്നു
പാതി മയക്കത്തിൽ അമ്മ തൻ കൈവിരൽ
കോതിയൊതുക്കി യോ മുടിയിഴകൾ
എൻ മകൻ സുഖമായിരിക്കുന്നോ എന്നമ്മ കൺ
നിറഞ്ഞെന്നോട് ചോദിക്കുന്നു
നന്നായി വളരണം നന്നായി വരേണം നീ
മണ്ണിന്റെ ഹൃദയത്തെ കാതോർക്കണം
നന്മതൻ മരമായി
തണലേകി നാടിന്റെ
തിന്മ തൻ വെയിലിന് കുടയാകണം
കർമ്മങ്ങളെന്നു മേ സത്യമായ് തീരണം
ജന്മപഥങ്ങളിൽ സായൂജ്യം നേടണം
നല്ല വാക്കോതണം നാമം ജപിക്കണം അല്ലലകറ്റുന്ന
ദൈവത്തെ അറിയണം
ചേർത്തു പിടിക്കണം ആത്മബന്ധങ്ങളെ
കോർത്തൊരു ചരടിലെ പൂക്കൾ പോലെ
അമ്മ തൻ സ്പന്ദന താളമല്ലെ എൻ
കൺമണി നീ ജീവരാഗമല്ലെ
ഓരോന്നു ചൊല്ലിയും ഓമനിച്ചും അമ്മ
ഒരു പാട് നേരം പുണർന്നു നിന്നു
പിന്നെയും പിന്നെയും മുറുകെ പിടിച്ചമ്മ
പൊന്നുമ്മ തന്നു പലവട്ടം നിറുകയിൽ" .....
ഞെട്ടിയുണർന്നു ഞാൻ ചുറ്റിലും നോക്ക വെ
ഞെട്ടറ്റു വീണാ സ്വപ്നം കൊഴിഞ്ഞു പോയ്
മുറ്റത്തെ മാവിൽ കരയുന്നിതൊരു കാക്ക
ഉറ്റുനോക്കിടുന്നു എന്നെ മാത്രം
ഉള്ളിലെ തേങ്ങൽ ഒതുക്കാൻ ശ്രമിച്ചു ഞാൻ
മെല്ലെ എൻകൈയ്യിലേക്കൊന്നു നോക്കി
ഒരു കാക്ക തൂവലെൻ കൈകളിൽ അറിയാതെ
തന്നിട്ട് പോയതെൻ അമ്മയല്ലെ
മഴമേഘം പോലെ വിങ്ങിയെൻ മാനസം മിഴിയിൽ
നിറഞ്ഞോ മഴ തുള്ളികൾ '

കവിത



....യശോദ പുത്തിലോട്ട്...



# യാത്രാമൊഴി



ലേഖ കാദംബരി

മോനേ... ആൽബിൻ,
നിന്റെ അകാലവിയോഗം
എനിയ്ക്കുൾക്കൊള്ളാനേ കഴിയുന്നില്ല.
നീ ഞങ്ങൾക്കെല്ലം അന്നുമിന്നും
എന്നും എത്രയേറേ പ്രിയങ്കരൻ!
നിന്റെ വിനയവും നിഷ്കളങ്കതയുമെല്ലാം
ഹൃദയങ്ങളെ കീഴടക്കിയിരുന്നല്ലോ!
അച്ഛനുമമ്മയക്കും നീ കൈത്താങ്ങായിരുന്നു;
അധ്യാപകർക്കെല്ലാം പ്രിയശിഷ്യനും!
നിന്റെ പുഞ്ചിരിയും മധുരഭാഷണവും
മറക്കാനാവില്ലൊരിക്കലും...
എളിമയും സ്നേഹവും
നിന്റെ മുഖമുദ്രയായിരുന്നല്ലോ!
വിധി കവർന്നെടുത്തത്
വെറുമൊരു ജീവനെയായിരുന്നില്ലല്ലോ.
ഒരു കുടുംബത്തിന്റെ
ഒരേയൊരു പ്രതീക്ഷയും
ഭാവിസ്വപ്നങ്ങളും കൂടിയായിരുന്നല്ലോ!
രോഗാതുരരായ മാതാപിതാക്കൾക്കു
നീ അമൃതായിരുന്നല്ലോ.
ഒരു നാടിനെ മുഴുവൻ കണ്ണീരിലാഴ്ത്തി,
നീ വേർപിരിഞ്ഞുപോയി എന്നത്
അവിശ്വസനീയമായ പരമാർത്ഥം.
ഭൂമിയ്ക്ക് ഭാരമായ എന്നെപ്പോലുള്ള
പാഴ് ജന്മങ്ങളെ അവഗണിച്ച്
എന്തിനു ദൈവമേ...
നീ അവനെയിപ്പോൾ തിരികെ വിളിച്ചു?
ഞങ്ങൾ പാപികളും
അവൻ പുണ്യാത്മാവുമായതിനാലോ?
ഒരു പഴി പോലും കേൾപ്പിക്കാത്ത അവന്റെ മഹത്വം
സ്വർഗ്ഗലോകത്തിലെ മാലാഖമാരെ
അസൂയാലുക്കളാക്കിയോ?
എല്ലാം ഉത്തരമില്ലാത്ത സമസ്യമാത്രം!
വലിയവലിയ സ്വപ്നങ്ങളും പ്രതീക്ഷകളും
പാതിവഴിയിലുപേക്ഷിച്ച്
നീ കടന്നുപോയപ്പോൾ
തകർന്നുപോയത് നിനക്കേറ്റം
പ്രിയപ്പെട്ടവരുടെ മോഹങ്ങളും
സ്വപ്നങ്ങളും മാത്രം!
ചേതനയറ്റ നിന്നെ ഞാൻ കണ്ടതേയില്ല.....
എനിക്കതിനുള്ള ത്രാണിയില്ലായിരുന്നു.
നിനക്കുവേണ്ടി
ഒരു പിടി കണ്ണീർപ്പൂക്കളർപ്പിക്കാനല്ലാതെ
ഞാൻ മറ്റെന്തു നൽകാനാണ് കുഞ്ഞേ.....
ഏതൊരു മാതൃഹൃദയവും
എന്നും കൊതിക്കുമായിരുന്നു, നിന്നെപ്പോൽ
സ്നേഹനിധിയായ
ഒരു മകൻ ഉണ്ടായിരുന്നുവെങ്കിൽ എന്ന്...
ഹൃദയം നുറുങ്ങുന്ന നോവായ് നീ ...
ഉള്ളിൽ കിടന്ന് വിങ്ങുമ്പോൾ
ഒരിക്കൽ കൂടി വിളിക്കട്ടെ ഞാൻ....
ആൽബീ... പൊന്നു മോനേ.....

അകാലത്തിൽ ദുഃഖങ്ങൾ മാത്രം
സമ്മാനിച്ച് കടന്ന് പോയ ആൽബിന്
പ്രണാമം അർപ്പിച്ച്........





നിഥിൻകുമാർ ജെ
പത്തനാപുരം
7994766150

# മണ്ണ്

മരിച്ചു വീണയേതൊ
പക്ഷിതൻ തൂവൽ
പൊഴിഞ്ഞു വീണയിതളും
മണ്ണിനാൽ
പൊതിഞ്ഞിരുന്നു.
തൊലിയുരിഞ്ഞ
പാഴ്മരങ്ങൾക്ക് ചുറ്റും
അഗ്നിയേറെ
നേരമായിയെരിഞ്ഞു
കരയുന്നു.
പെണ്ണുടൽ
കൊഞ്ചിക്കൂടി
കെഞ്ചി സ്വന്തമാക്കി
തഞ്ചത്തിൽ പകമാക്കി
അരിഞ്ഞു വിളമ്പി.
ഇറച്ചി രുചിയറിഞ്ഞ
നാവുകൾ നീട്ടി പരതിയതും
ഇതേ മണ്ണിൻ
മടിത്തട്ടിൽ
അമ്മയെന്ന
രണ്ടക്ഷരത്തിന്
അർത്ഥം മാറിയ
രാവുകൾ.
പെങ്ങളെന്ന
മൂന്നക്ഷരത്തിന്
അർത്ഥമില്ലാതെ പോയ
പകലുകൾ.
ഒടുവിൽ
പെൺപക്ഷി
ചിറക് അടർത്തി കരിച്ചതും
മാംസം സ്വയം
കൊത്തി തിന്നതും
ഇതേ മണ്ണിൻ
മടിത്തട്ടിൽ
ഇതാണ് മണ്ണ്
ഉടൽ ചേരാനും
അലിയാനും
മണ്ണായി മാറാനും
വളമേറെയുള്ള
മണ്ണ്.

# നട്ടുച്ച നേരത്തെ മഴ

നട്ടുച്ച നേരത്ത്
സ്വപ്നം കാണും നേരം
ഒരു കുട്ട സൂര്യകാന്തി പൂക്കൾ .
ആകാശത്ത് കാർമേഘം
ചുമന്നു കൊണ്ടു വരുന്നു
മഴത്തുള്ളികൾ തുള്ളും നേരം
മുറ്റമാകെ നിമിഷമാം
കണ്ണാടി കുമിളകൾ .
ഓടുകൾ കൗവുട്ടും നേരം
പച്ച വർണ്ണ ഭിത്തിയിൽ
കയർവര ചിത്രങ്ങൾ .
മുറികൾ കാണും നേരം
പൈപ്പിൻചുവട്ടിലെ
തടാകങ്ങളെ പോൽ
വെള്ളക്കെട്ടുകൾ .
കൊച്ചുമക്കൾ
മെഴുതിരി തെളി ച്ചോടിക്കുന്നു
തീപ്പെട്ടി കപ്പലുകൾ .
അപ്പൂപ്പന്റെ പിറകെ വരുന്നു
ചൂരൽ പ്രയോഗം
തെളിഞ്ഞുതീപ്പെട്ടി കപ്പലുകൾ
അണഞ്ഞു പോകുന്നു.
ഇടവപ്പാതിയെ പറ്റി
ഉരുവിടുന്നസങ്കടത്തിന്റെ
കണ്ണുനീർ പുഴകൾ .



കുഞ്ഞച്ചൻ മത്തായി



# സൗഹൃദം

## കവിത



ഇല്ലിനി മോഹങ്ങൾ
ഇല്ലിനിസ്വപ്നങ്ങൾ
ഇല്ലിനിയൊന്നുമീ ജീവിതത്തിൽ

എല്ലാം വിഫലമായ്
എല്ലാം മറന്നു പോയ്
എന്നെ ഞാനെന്നേ മറന്നുപോയി

പലപല ജീവിത ഭാവങ്ങളാടി
ആഴക്കടലിൻനടുവിലായി
കഴിഞ്ഞതില്ലിന്നോണം
അരുമയാമോർമ്മയെ
ഇത്തിരി നേരമൊന്നോർത്തിരിക്കാൻ

എങ്കിലും എന്നിട്ടും;
വന്നല്ലോ നീയിന്ന്
നവസൗഹൃദത്തിൻ തിരിനാളമായ്

കൈവിട്ടതൊന്നുമേനഷ്ടമായില്ലെന്നോ
എല്ലാമി ചാരത്തെണയുമെന്നോ
ഇത്രയും സുന്ദര ജീവിത സ്വപ്നങ്ങൾ
ഏകുവാൻ വന്നല്ലോ സൗഹൃദമേ നീ

രാജു കാഞ്ഞിരങ്ങാട്

9495458138



# നിലാവല

കവിത



ശ്രീകുമാർ ചേർത്തല
9037283915

മധുമാസം എഴുതുന്ന ദേവത നീ...
കാവിലെ മലർദീപ നാളം...
ശലഭങ്ങൾ തേടുന്ന പൂവോ നീ..
മായാ കിനാവേ....

മഴവില്ലു ചൂടുന്ന വാനമേ....
വാസന്ധ്യ മൂടുന്ന തീരമേ...
അരികിൽ അണയും നിലാവല നീ...
അഴകേ.....

അണയാത്ത മാസ്മര താരമേ...
ഇടറാത്ത വിസ്മയ രാഗമേ...
പതിയെ തഴുകും കുളിതെന്നൽ നീ...
അലരേ........



## ...വിഷുപ്പക്ഷി....

ഇന്ത്യ, പാകിസ്താൻ, ശ്രീലങ്ക, ഇന്തോനേഷ്യ, ചൈനയുടെ വടക്കെ ഭാഗം, റഷ്യ എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഒരിനം പക്ഷിയാണ് വിഷുപ്പക്ഷി. ഇതിന്റെ ശാസ്ത്രീയനാമം Cuculus micropterus എന്നാണ്. ചക്കയ്ക്കുപ്പുണ്ടോ കുയിൽ, അച്ഛൻ കൊമ്പത്ത്, ഉത്തരായനക്കിളി, കതിരുകാണാക്കിളി തുടങ്ങി പ്രാദേശികമായ പല പേരുകളിലും ഈ കുയിൽ അറിയപ്പെടുന്നു. പ്രധാനമായും വിഷു ഉത്സവകാലത്തിനോട് അടുപ്പിച്ചാണ് ഈ കിളിയുടെ ഗംഭീരശബ്ദം കേട്ടു തുടങ്ങുന്നത് എന്നതിനാലാണ് ഇതിനെ വിഷുപ്പക്ഷി എന്നു വ്യാപകമായി വിളിക്കുന്നത്. പ്ലാവുകളിൽ ചക്ക വിളയുന്ന കാലവും ഇതുതന്നെയാണ് (മേടം – ഇടവം/ ഏപ്രിൽ – മേയ്). വീട്ടമ്മമാർ ചക്കപ്പുഴുക്കുണ്ടാക്കുന്ന കാലം. അപ്പോഴാണ് 'ചക്കയ്ക്കുപ്പുണ്ടോ' എന്ന മുഴങ്ങുന്ന ഓർമ്മപ്പെടുത്തലുമായി ഈ ചെറിയ കുയിൽ എത്തുന്നത്.

### പ്രത്യേകതകൾ

നാണം കുണുങ്ങി പക്ഷിയായതു കാരണം കണ്ടുകിട്ടുക എളുപ്പമല്ല. ആൺപക്ഷിയും ഏകദേശം പെൺപക്ഷിയും ഒരുപോലെയിരിക്കും. പെൺപക്ഷിയുടെ കഴുത്തിൽ ആൺപക്ഷിയെ അപേക്ഷിച്ച് ചെറുതായി മങ്ങിയ ചാര നിറമാണ്. നെഞ്ചിലും വാലിലും കൂടുതൽ ബ്രൗൺ നിറവുമായിരിക്കും.